**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 337** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഉദുമ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉദുമ നിയോജകമണ്ഡലത്തിൽ ഭക്ഷ്യ പൊതു വിതരണ വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 1965 മുതൽ സാർവ്വത്രികമായ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് നിലനിന്ന കേരളത്തൽ NFSA നിയമം നടപ്പാക്കപ്പെട്ടതോടെ ആകെ ജനസംഖ്യയുടെ 57% റേഷൻ കവറേജിന് പുറത്തായി. എന്നാൽ കേരള സർക്കാർ ഈ മുൻഗണനേതര വിഭാഗത്തിന് ലഭ്യമായ പരിമിതമായ ടൈഡ് ഓവർ വിഹിതത്തിൽ നിന്ന് ഭക്ഷ്യധാന്യം നൽകിവരുന്നു. മുൻഗണനേതര വിഭാഗത്തിലെ നീല (Non Priority subsidy) കാർഡിൽ ഉണഭോക്താക്കൾക്ക് കേന്ദ്രസർക്കാരിൽ നിന്നും കിലോഗ്രാമിന് 8.30 രൂപ നിരക്കിൽ ലഭിക്കുന്ന അരി 4 രൂപ നിരക്കിൽ പ്രതിമാസം ആളൊന്നിന് 2 കിലോഗ്രാം വീതവും, വെള്ള (Non Priority non-subsidy) കാർഡിൽ ഉൾപ്പെട്ട ഉണഭോക്താക്കൾക്ക് ലഭ്യതയ്ക്കനുസരിച്ചും വിതരണംചെയ്യുന്നു.<br><br>ഈ സർക്കാർ കാലയളവിൽ കാർഗോഡ് ജില്ലയിലെ ഉദുമ നിയോകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ പറയുന്നവയാണ്.<br><br><u>കെ-സ്റ്റോർ</u> - റേഷൻകട വൈവിധ്യവത്കരണത്തിന്റെ ഭാഗമായി, സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും റേഷൻ കടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻ കട ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുള്ളത്. നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈക്കോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, |

| | | | |
|---|---|---|---|
| | | | ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്. ഉദുമ മണ്ടലത്തൽ നിലവിൽ 04 കെ-സ്റ്റോറുകൾ പ്രവർത്തിച്ച് വരുന്നു.<br><br>കെ-സ്റ്റോറിന് പുറമെ സുഭിക്ഷ ഹോട്ടൽ - 1 എണ്ണം, ജനകീയ ഹോട്ടൽ - 2 എണ്ണം എന്നിവ ഉദുമ നിയോജക മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സുഭിക്ഷാ ഹോട്ടലുകൾക്ക് മാത്രമാണ് പ്രവർത്തനത്തിനുള്ള തുക അനുവദിച്ചിട്ടുള്ളത്. സുബിക്ഷ ഹോട്ടലുകൾക്കും ജനകീയ ഹോട്ടലുകൾക്കും ടൈഡ് ഓവർ നിരക്കായ 10.90 രൂപ നിരക്കിൽ പ്രതിമാസം 600 കിലോഗ്രാം അരി ലഭ്യമാക്കുന്നുണ്ട്. അതോടൊപ്പം സുബിക്ഷ ഹോട്ടലുകൾക്ക് ഒരു ഊണിന് 5/- രൂപ നിരക്കിൽ സബ്സിഡിയും നൽകുന്നുണ്ട്. നാളിതുവരെ സുബിക്ഷ ഹോട്ടലുകൾക്കായി 7,95,525/- രൂപ ഈ സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഓരോ പദ്ധതിയുടെയും പേരും അനുവദിച്ച തുകയും നിലവിലത്തെ സ്ഥിതിയും വ്യക്തമാക്കാമോ? | (ബി) | 1965 മുതൽ സാർവ്വത്രികമായ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് നിലനിന്ന കേരളത്തൽ NFSA നിയമം നടപ്പാക്കപ്പെട്ടതോടെ ആകെ ജനസംഖ്യയുടെ 57% റേഷൻ കവറേജിന് പുറത്തായി. എന്നാൽ കേരള സർക്കാർ ഈ മുൻഗണനേതര വിഭാഗത്തിന് ലഭ്യമായ പരിമിതമായ ടൈഡ് ഓവർ വിഹിതത്തിൽ നിന്ന് ഭക്ഷ്യധാന്യം നൽകിവരുന്നു. മുൻഗണനേതര വിഭാഗത്തിലെ നീല (Non Priority subsidy) കാർഡിൽ ഉണഭോക്താക്കൾക്ക് കേന്ദ്രസർക്കാരിൽ നിന്നും കിലോഗ്രാമിന് 8.30 രൂപ നിരക്കിൽ ലഭിക്കുന്ന അരി 4 രൂപ നിരക്കിൽ പ്രതിമാസം ആളൊന്നിന് 2 കിലോഗ്രാം വീതവും, വെള്ള (Non Priority non-subsidy) കാർഡിൽ ഉൾപ്പെട്ട ഉണഭോക്താക്കൾക്ക് ലഭ്യതയ്ക്കനുസരിച്ചും വിതരണംചെയ്യുന്നു.<br><br>ഈ സർക്കാർ കാലയളവിൽ കാർഗോഡ് ജില്ലയിലെ ഉദുമ നിയോകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ പറയുന്നവയാണ്.<br><br><u>കെ-സ്റ്റോർ</u> - റേഷൻകട വൈവിധ്യവത്കരണത്തിന്റെ ഭാഗമായി, സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും റേഷൻ കടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻ കട ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുള്ളത്. നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈക്കോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, വ്യവസായ |

| | | | |
|---|---|---|---|
| | | | വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്. ഉദുമ മണ്ഡലത്തൽ നിലവിൽ 04 കെ-സ്റ്റോറുകൾ പ്രവർത്തിച്ച് വരുന്നു.<br><br>കെ-സ്റ്റോറിന് പുറമെ സുഭിക്ഷ ഹോട്ടൽ - 1 എണ്ണം, ജനകീയ ഹോട്ടൽ - 2 എണ്ണം എന്നിവ ഉദുമ നിയോജക മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സുഭിക്ഷാ ഹോട്ടലുകൾക്ക് മാത്രമാണ് പ്രവർത്തനത്തിനുള്ള തുക അനുവദിച്ചിട്ടുള്ളത്. സുബിക്ഷ ഹോട്ടലുകൾക്കും ജനകീയ ഹോട്ടലുകൾക്കും ടൈഡ് ഓവർ നിരക്കായ 10.90 രൂപ നിരക്കിൽ പ്രതിമാസം 600 കിലോഗ്രാം അരി ലഭ്യമാക്കുന്നുണ്ട്. അതോടൊപ്പം സുബിക്ഷ ഹോട്ടലുകൾക്ക് ഒരു ഊണിന് 5/- രൂപ നിരക്കിൽ സബ്സിഡിയും നൽകുന്നുണ്ട്. നാളിതുവരെ സുബിക്ഷ ഹോട്ടലുകൾക്കായി 7,95,525/- രൂപ ഈ സർക്കാർ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ